പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4444

27.06.2013 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ : | | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ രൂപീകരണത്തിലൂടെ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | കേന്ദ്ര സഹായത്തോടെയും അല്ലാതെയും ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും, ഉപഭോക്തൃ ക്ഷേമപ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായും, വിപുലമായും സംഘടിപ്പിക്കാനും, കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി കൃത്യതയോടെ നടപ്പാക്കാനും സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് |
| (സി) | പൊതുവിതരണ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഉപഭോക്തൃ ഡയറക്ടറേറ്റിന്റെ സേവനം എത്രത്തോളം പ്രായോഗികമാണെന്ന് നിരീക്ഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ? | (സി) | ഉപഭോക്തൃകാര്യ വകുപ്പിന് പുതിയ ഡയറക്ടറേറ്റ് സ്ഥാപിക്കുമ്പോൾ നിർദ്ദിഷ്ട ഡയറക്ടറേറ്റിന്റെ കർത്തവ്യങ്ങൾ, ചുമതലകൾ, നിലവിലുള്ള സംവിധാനത്തിൽ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവയെ കുറിച്ച് വിശദമായ ഒരു പഠനം നടത്തി വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ